(സി) നേരിട്ടുള്ള നിയമനം.

പ്രോജക്ട് അസിസ്റ്റന്റ്

(1) മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ, ഇക്കണോമിക്സ്, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, കോമേഴ്സ് ഇവയിലേതിലെങ്കിലുമുള്ള ബിരുദാനന്തര ബിരുദം.

(2) കമ്പ്യൂട്ടർ സയൻസിലുള്ള ഡിപ്ലോമയോ സർട്ടിഫിക്കറ്റോ ഉണ്ടായിരിക്കണം.

സ്റ്റെനോടൈപ്പിസ്റ്റ് ആർട്ട്സ്, സയൻസ്, കോമേഴ്സ് ഇവയിലേതെങ്കിലുമുള്ള യൂണിവേഴ്സിറ്റി ബിരുദം, കെ.ജി.ടി.ഇ അല്ലെങ്കിൽ എം.ജി.ടി.ഇ ഇംഗ്ലീഷ് ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റ് ഡിപ്ലോമ.

(3) കെ.ജി.ടി.ഇ അല്ലെങ്കിൽ എം.ജി.ടി.ഇയുടെ മലയാളം ലോവർ ഗ്രേഡ് ടൈപ്പ് റൈറ്റിംഗ് സർട്ടിഫിക്കറ്റ്

4. കെ.ജി.ടി.ഇ അല്ലെങ്കിൽ എം.ജി.ടി.ഇ.യുടെ ഷോർട്ട്ഹാന്റ് ഇംഗ്ലീഷ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്

ജൂനിയർ അസിസ്റ്റന്റ്/ക്ലാർക്ക്

ആർട്ട്സ്, സയൻസ്, കോമേഴ്സ് ഇവയിലേതെങ്കിലുമുള്ള യൂണിവേഴ്സിറ്റി ബിരുദം.

(ഡി) ആന്റ് (ഇ) നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാത്ത പൊതുസ്ഥാപനങ്ങളിൽ സ്ഥിരം നിയമനം നടത്തുന്നതിന് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള നടപടി ക്രമങ്ങളും വ്യവസ്ഥകളും പാലിച്ചുകൊണ്ടാണ് നിയമനം നടത്താൻ നടപടികൾ എടുത്തത്.

(എഫ്) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

പക്ഷേ നിയമനം പി.എസ്.സി.ക്ക് ഇതുവരെ വിട്ടുകൊടുത്തിട്ടില്ല.

(ജി) നടത്തിയിട്ടുണ്ട്. ഏറ്റവും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനാണ് ഇപ്രകാരം ചെയ്തത്.

(എച്ച്) കോർപ്പറേഷനിലെ നിയമനങ്ങൾ ഇതുവരെ പി.എസ്.സിയ്ക്ക് വിട്ടുകൊടുത്തിട്ടില്ല. അതിനാലും കോർപ്പറേഷന് സ്ഥിരം ജീവനക്കാർ ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കണമെന്നുള്ളതുകൊണ്ടും നിയമനങ്ങൾ നിലവിലുള്ള ഉത്തരവുകൾ അനുസരിച്ചാണ് നടത്തുന്നത് എന്നതിനാലും തുടങ്ങിവച്ച നടപടികൾ നിർത്തിവയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

## ബോയൻ സമുദായത്തിന് ആനുകൂല്യങ്ങൾ നിഷേധിച്ച നടപടി

**6 (3405)** പ്രൊ. സാവിത്രി ലക്ഷ്മണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരു-കൊച്ചിയിലുള്ള ബോയൻ പട്ടിക ജാതിക്കാരും ഒഡനായയ്ക്കൻ ഒഴികെയുള്ള നായ്ക്കന്മാരും ഒന്നുതന്നെയാണോ: അല്ലെങ്കിൽ ഇതു സംബന്ധിച്ച് തടസ്സവാദങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യം സംബന്ധിച്ച് ബോയൻ സർവീസ് സൊസൈറ്റി കിർത്താഡ്സിന് നല്കിയിട്ടുള്ള വിശദീകരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) 1988 മുതൽ തൃശ്ശൂർ ജില്ലയിലും 1997 മുതൽ എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലും, കോട്ടയം ജില്ലയിലെ കാഞ്ഞിരംപള്ളി താലൂക്കിലും ബോയൻ സമുദായത്തിന് അന്നുവരെ കിട്ടിക്കൊണ്ടിരുന്ന പട്ടിക ജാതി ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടതിന് കാരണമെന്ത്;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ ഒരു പഠനം കൂടി നടത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പട്ടികജാതി ബോയൻ എന്നവകാശപ്പെടുന്നവരും ഒഡനായ്ക്കൻ സമുദായവും ഒന്നുതന്നെയാണ്.

(ബി) ഇക്കാര്യം സംബന്ധിച്ച് ഒരു റിപ്പോർട്ട് കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) പട്ടികജാതി ബോയൻ സമുദായത്തിന് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ കിർത്താഡ്സിനോട് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ തുടരുന്നതാണ്.

**പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ചാലക്കുടിയിൽ തുടങ്ങുന്നതിന് നടപടികൾ**

**7 (3406)** പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ തുടങ്ങുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കപ്പെട്ട പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ചാലക്കുടിയിൽ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ചാലക്കുടിയിൽ തുടങ്ങുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗത്തിന് വേണ്ടിയുള്ള ഓഫീസ് എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ നഗരത്തിൽ തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഇതിന്റെ ആവശ്യകതയെക്കുറിച്ച് പഠിച്ചുവരുകയാണ്.

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ**

**8 (3407)** ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly